വ്യാപാരികൾക്കുനേരെയുള്ള ആക്രമണങ്ങൾ

29 [2511] ശ്രീ. യു. സി. രാമൻ:
„ കെ. എൻ. എ. ഖാദർ:
„ സി. മോയിൻകുട്ടി:
„ കളത്തിൽ അബ്ദുള്ള:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാരികളെ സാമൂഹ്യവിരുദ്ധർ ആക്രമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞവർഷം എത്ര സ്ഥാപനങ്ങൾക്കുനേരെ അക്രമം നടന്നുവെന്ന് കണക്കുണ്ടോ;

(സി) മേലിൽ ഇതുതടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം 32 സ്ഥാപനങ്ങൾക്കുനേരേ അക്രമം നടന്നു.

(സി) സാമൂഹ്യവിരുദ്ധരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിച്ചും മുൻകരുതൽ അറസ്റ്റ്, നല്ല നടപ്പ് തുടങ്ങി (സി.ആർ.പി.സി. 107, 110) നിയമാനുസൃതമായ പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പോലീസ് പട്രോളിംഗ്, ഡേ ബീറ്റ്, നൈറ്റ് ബീറ്റ് എന്നിവ ശക്തമാക്കി സംഘടിത പ്രവർത്തനങ്ങൾ യഥാസമയം തടയാൻ കഴിഞ്ഞിട്ടുണ്ട്.

സ്വകാര്യ ബസുടമകൾക്കെതിരെ പീഡനം

30 [2512] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സ്വകാര്യ ബസുടമകൾക്കെതിരെ പോലീസ് നടത്തുന്ന പീഡനം സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പരാതിയുടെ അടിസ്ഥാനം എന്താണെന്ന് വിശദീകരിക്കാമോ;

(സി) ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെതിരായി ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വിഷയത്തിൽ ഏതെങ്കിലും അന്വേഷണം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly